HGH INDIA® 2022
HOME DECOR ▪▪▪ GIFTS ▪▪▪ HOUSEWARE
**December 13-16, 2022**
Bombay Exhibition Center, Mumbai

NEWS 3

A TEXZONE Event
www.hghindia.com

Where business feels at home!

# എച്ച് ജി എച്ച് ഇന്ത്യ
# 2023 സ്പ്രിംഗ് / സമ്മർ കാലത്തേക്ക് ശക്തമായ തുടക്കം

എച്ച് ജി എച്ച് ഇന്ത്യ അതിന്റെ 12-ാമത് പതിപ്പിലൂടെ ഗാർഹിക ഉല്പന്ന വ്യവസായങ്ങൾക്കു വേണ്ടിയുള്ള നിരവധി പുതിയ ബിസിനസ് അവസരങ്ങളുമായി ഡിസംബർ 13-ന് മുംബൈയിൽ തിരിച്ചെത്തി.

ഊദഗാർഹിക ഉല്പന്ന വ്യവസായം വളരെയധികം പിന്തുണയ്ക്കുന്ന ഗാർഹിക തുണിത്തരങ്ങൾ, ഗൃഹാലങ്കാരങ്ങൾ, വീട്ടുപകരണങ്ങൾ, വീട്ടുസാമാനങ്ങൾ, സമ്മാനങ്ങൾ എന്നിവയ്ക്കായുള്ള ഇന്ത്യയിലെ മുൻനിര ബി2ബി ട്രേഡ് ഷോയായ എച്ച് ജി എച്ച് ഇന്ത്യയുടെ ആദ്യത്തെ സ്പ്രിംഗ് / സമ്മർ കാല പതിപ്പ് കൂടിയാണിത്. രണ്ട് വർഷത്തിലേറെയായി കോവിഡ് ആശുപത്രിയായി സേവനമനുഷ്ഠിച്ചിരുന്ന ഗോരെഗാവിലെ ബോംബെ ഇന്റർനാഷണൽ എക്സിബിഷൻ സെന്ററിലേക്ക് മടങ്ങിയെത്തിയതോടെ, എച്ച് ജി എച്ച് ഇന്ത്യ സ്പ്രിംഗ് / സമ്മർ കാല പതിപ്പ്, ദീപാവലി റീട്ടെയിൽ സീസണിൽ കൂടുതൽ നേട്ടമുണ്ടാക്കാൻ അവസരമൊരുക്കുന്നു. ചെറുകിട വ്യാപാരികളും വിതരണക്കാരും 2023-ലെ വസന്തം/വേനൽ കാല ഉപഭോക്തൃ ഡിമാൻഡ് മുൻകൂട്ടി കണ്ട് തങ്ങളുടെ സ്റ്റോക്കുകൾ നിറയ്ക്കേണ്ടതിന്റെ ആവശ്യകത റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ, അവരുടെ ശേഖരം കൂടുതൽ വികസിപ്പിക്കുന്നതിനും ആധുനിക ഉപഭോക്താക്കളുടെ അഭിലാഷങ്ങളുമായി പൊരുത്തപ്പെടുന്നതിനും അവർക്ക് പുതിയ ആശയങ്ങളും ഉല്പന്നങ്ങളും സേവനങ്ങളും ആവശ്യമാണ്. എച്ച് ജി എച്ച് ഇന്ത്യയുടെ മാനേജിംഗ് ഡയറക്ടർ ശ്രീ. അരുൺ റൂംഗ്ത പറയുന്നു:



"ദീപാവലി സീസണിനപ്പുറം നമ്മുടെ ഗാർഹിക ഉല്പന്ന വ്യവസായങ്ങളിൽ ബിസിനസ് അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ഞങ്ങൾ എച്ച് ജി എച്ച് ഇന്ത്യ സ്പ്രിംഗ് / സമ്മർ കാല പതിപ്പ് സൃഷ്ടിച്ചിരിക്കുന്നു. ഉല്പന്നങ്ങളിലും ഡിസൈനുകളിലും നവീകരണങ്ങൾ പതിവാവുകയും മത്സരം കൂടുതൽ ശക്തമാകുകയും ചെയ്യുതോടെ, കൂടുതൽ കൂടുതൽചെറുകിട കച്ചവടക്കാരും വിതരണക്കാരും അവർ മുൻപ് അവലംബിച്ചിരുന്ന വാർഷിക രീതിക്ക് പകരമായി അർദ്ധ വാർഷിക സോഴ്സിംഗ് സൈക്കിളുകളിലേക്ക് മാറുകയാണ്. ഗാർഹിക തുണിത്തരങ്ങൾ, ഗൃഹാലങ്കാരങ്ങൾ, വീട്ടുസാമാനങ്ങൾ, സമ്മാനങ്ങൾ എന്നിവയിലെ ഡിമാൻഡിന്റെ ശക്തമായ വളർച്ചയ്ക്ക് അനുസൃതമായി, വിതരണക്കാർക്കും ചെറുകിട വ്യാപാരികൾക്കും അവരുടെ മൂല്യശൃംഖല വേഗത്തിലാക്കാനും ഉപഭോക്താക്കളുടെ ഭാഗത്തുനിന്നുള്ള ചലനാത്മകതയിൽ നിന്ന് പ്രയോജനം നേടാനും ഒരു അധിക അവസരം ആവശ്യമാണ്".

മുഖ്യാതിഥിയായ ട്രേഡ് കമ്മീഷണറും ഇറ്റാലിയൻ ട്രേഡ് ഏജൻസിയുടെ ഡയറക്ടറുമായ ഡോ. അലസ്സാന്ദ്രോ ലിബററ്റോറിയുടെ നേതൃത്വത്തിൽ നടന്ന ചടങ്ങിൽ വിശിഷ്ടാതിഥിയായ മഹാരാഷ്ട്ര ബി ജെ പി വക്താവ് ശ്രീ. അതുൽ ഷാ, എച്ച് ജി എച്ച് ഇന്ത്യയുടെ ഡയറക്ടർമാരായ ശ്രീ. അരുൺ റൂംഗ്ത, ഡോ. ഗീർട്ട് ബോട്ട്ഗെർ, കൂടാതെ നിരവധി വ്യവസായ പ്രമുഖർ, സർക്കാർ ഉദ്യോഗസ്ഥർ, വിശിഷ്ട വ്യക്തികൾ എന്നിവരുടെ സാന്നിദ്ധ്യത്തിൽ പരമ്പരാഗതമായ ദീപം തെളിയിക്കൽ കർമത്തോടെയാണ് വികസനോന്മുഖമായ ട്രേഡ് ഷോ ഉദ്ഘാടനം ചെയ്യപ്പെട്ടത്. സംയുക്തമായി ദീപം തെളിയിച്ച ശേഷം, വാങ്ങാനെത്തിയവരെയും സന്ദർശകരെയും ആകർഷിക്കുന്നതിനും ആനന്ദിപ്പിക്കുന്നതിനുമായി ഒന്നാന്തരമായി രൂപകല്പന ചെയ്ത സ്റ്റാൻഡുകൾ ഒരിക്കൽ കൂടി ഒരുക്കിയ പ്രദർശകർക്ക് ഡോ. ബോട്ട്ഗെർ നന്ദി പറഞ്ഞു.

ഞങ്ങളുടെ പ്രദർശകർ അതിശയകരമായ ഒരു പ്രദർശനം നടത്തുകയും നമ്മുടെ ഹോം ഉല്പന്ന വ്യവസായങ്ങളുടെ ഡിസൈൻ ശേഷിക്ക് അടിവരയിടുകയും ചെയ്തു. വിശിഷ്ടാതിഥി ശ്രീ. അതുൽ ഷാ അത് ഊട്ടിയുറപ്പിച്ചുകൊണ്ട് പറഞ്ഞു: "എച്ച് ജി എച്ച് ഇന്ത്യയുടെ രൂപവും സംസ്കാരവും ഡിസൈൻ, ഗുണനിലവാരം, വ്യവസ്ഥിതി എന്നിവയുടെ കാര്യത്തിൽ ഉയർന്ന അന്താരാഷ്ട്ര നിലവാരവുമായി പൊരുത്തപ്പെടുന്നു". വിപുലമായ ഇറ്റാലിയൻ ഗാർഹിക ഉല്പന്ന വ്യവസായം എച്ച് ജി എച്ച് ഇന്ത്യയുമായി ദീർഘകാല പങ്കാളിത്തം തേടുന്നുവെന്ന് മുഖ്യാതിഥി ഡോ. അലസ്സാന്ദ്രോ ലിബററ്റോറി ചൂണ്ടിക്കാട്ടി, കാരണം ഇറ്റാലിയൻ കമ്പനികൾക്ക് എച്ച് ജി എച്ച് യോഗ്യമായ അന്തരീക്ഷം പ്രദാനം ചെയ്യുന്നു, ഇത് സങ്കീർണവും ബൃഹത്തുമായ ഇന്ത്യൻ വിപണിയിലെ ആദ്യ ചുവടുകൾ വളരെ സുഗമമാക്കുന്നു. അദ്ദേഹം തുടർന്നു പറഞ്ഞു: "ഇറ്റാലിയൻ-ഇന്ത്യൻ ഗാർഹികോല്പന്ന വ്യവസായങ്ങൾ തമ്മിലുള്ള സഹകരണം വിപുലീകരിക്കുക എന്നത് ഇറ്റാലിയൻ ട്രേഡ് ഏജൻസിയുടെ ലക്ഷ്യമാണ്".

എച്ച് ജി എച്ച് ഇന്ത്യയുടെ ഈ ഡിസംബർ 2022 പതിപ്പ് ഒരു വശത്ത് 400 പ്രദർശകർക്കും ബ്രാൻഡുകൾക്കുമിടയിലും മറുവശത്ത് 550-ലധികം നഗരങ്ങളിൽ നിന്നുള്ള വാങ്ങുന്നവർക്കും പ്രത്യേകം ക്ഷണിക്കപ്പെട്ടവർക്കും ഇടയിലും കൂടിക്കാഴ്ചകൾ സാദ്ധ്യമാക്കും.



*മുഖ്യാതിഥി ഡോ. അലസ്സാന്ദ്രോ ലിബററ്റോറിയും വിശിഷ്ടാതിഥി ശ്രീ. അതുൽ ഷായും മറ്റ് വിശിഷ്ടാതിഥികളും ചേർന്ന് എച്ച് ജി എച്ച് ഇന്ത്യ ഷോ കാറ്റലോഗിന്റെ ദീപം തെളിയിക്കലും പ്രകാശനകർമവും നടത്തുന്നു*

Maspar

# ഇന്ത്യയിലെ ഇറ്റാലിയൻ ഗാർഹികോല്പന്നങ്ങൾ

എച്ച് ജി എച്ച് ഇന്ത്യ സ്പ്രിംഗ് / സമ്മർ കാല പതിപ്പ് 2023-ൽ ഇറ്റാലിയൻ ട്രേഡ് ഏജൻസി (ഐ ടി എ) ഒരു സംയുക്ത ബൂത്ത് സംഘടിപ്പിക്കുന്നു, അവിടെ 9 ഇറ്റാലിയൻ കമ്പനികൾ അവരുടെ ഉല്പന്നങ്ങളും സേവനങ്ങളും അവതരിപ്പിക്കുന്നു: കൈ കൊണ്ട് ഉണ്ടാക്കുന്ന ദൃഢമായ ഗ്ലാസ് കലാശില്പങ്ങളുടെ നിർമാണത്തിൽ സനെറ്റി മുരാനോ എസ് ആർ എൽ സവിശേഷമാണ്. ശില്പങ്ങളുടെ ശ്രേണിയിൽ ഇവ ഉൾപ്പെടുന്നു: പക്ഷികൾ, മത്സ്യം, കുതിരകൾ, മറ്റ് മൃഗങ്ങൾ എന്നിവയും അമൂർത്ത സൃഷ്ടികളും ഗണേശ ഭഗവാന്റെ ശില്പവും ഈ ശ്രേണിയുടെ ഭാഗമാണ്. ഓരോ കലാസൃഷ്ടിയും കലാകാരന്റെ കയ്യൊപ്പും പ്രാദേശിക വ്യാപാരമുദ്രയായ 'വെട്രോ ആർട്ടിസ്റ്റിക്കോ ഡി മുറാനോ' പതിച്ചാണ് വരുന്നത്, ഇത് ഇറ്റാലിയൻ ഗവൺമെന്റിന്റെ അംഗീകാരമുള്ള യഥാർത്ഥ ഉല്പന്നം ആണെന്നും ശുദ്ധമായ മുറാനോ ഗ്ലാസ് ആണെന്നും ഉറപ്പുനൽകുന്നു.

ലി ആൻഡ് പ്രാ ഇന്നൊവേഷൻ ആൻഡ് ഡിസൈൻ നൂതനമായ വിനൈൽ ഫ്ലോറിംഗും ഡിജിറ്റലായി പ്രിന്റ് ചെയ്ത വാൾ കവറിംഗുകളും വാഗ്ദാനം ചെയ്യുന്നു, അവ ബാത്ത്, ഷവർ, അടുക്കള തുടങ്ങിയ നനഞ്ഞ പ്രദേശങ്ങളിലും ഉപയോഗപ്രദമാണ്.

ഹോസ്പിറ്റാലിറ്റിയിലെയും സ്ഥാപനങ്ങളിലെയും കരാർ പ്രൊജക്റ്റുകൾക്കായി പ്രശ്നങ്ങൾ പരിഹരിക്കാവുന്ന നിർദേശാനുസരണം ഭേദഗതി വരുത്തിയ ഉല്പന്നങ്ങളും ലി ആൻഡ് പ്രാ നിർമിക്കുന്നു. അന്തർദേശീയമായി പ്രശസ്തരായ ആർക്കിടെക്റ്റുകളുമായുള്ള സഹകരണം സാങ്കേതികവും ശൈലീപരവുമായ വീക്ഷണകോണിലൂടെയുള്ള നിരവധി നവീനമായ പരിഹാരങ്ങളിലേക്ക് നയിച്ചു. ഇറ്റലിയിലും സ്വിറ്റ്സർലൻഡിലുമാണ് ഉല്പാദനം.

ബ്രൂണൽ പ്രെസിയോസി ഡി ഓട്ടോറെ സമ്മാനങ്ങൾക്കും ആഡംബര ഫർണിച്ചറുകൾക്കുമായി പ്രത്യേകമായി രൂപകല്പന ചെയ്ത കലാപരമായ വെള്ളി, സ്വർണ കലാസൃഷ്ടികൾ നിർമിക്കുന്നു. ശില്പങ്ങൾ മുതൽ ട്രേകൾ വരെ, പാത്രങ്ങൾ, മെഴുകുതിരികൾ, ചായ/കാപ്പി സെറ്റുകൾ, ഫർണിഷിംഗ് ആക്സസറികൾ തുടങ്ങി വിവിധയിനം വസ്തുക്കൾ അടങ്ങിയ അവരുടെ ശേഖരം അവരുടെ വർക്ക്ഷോപ്പുകളിൽ പൂർണമായും കൈകൊണ്ട് നിർമിച്ചതാണ്. വെള്ളിപ്പണിക്കാരന്റെ പുരാതന കല പോലെയുള്ള മെറ്റീരിയലും ഡിസൈനും മോഡലിംഗും ഓരോ ബ്രൂണൽ കലാസൃഷ്ടിയെയും അതുല്യമായ മാസ്റ്റർപീസാക്കി മാറ്റുന്നു.

സെവൻ സെഡി റീപ്രൊഡക്ഷൻസ് കരകൗശല നിർമിത പാരമ്പര്യവും പുതിയ സാങ്കേതികവിദ്യകളും സംയോജിപ്പിച്ച് ഇന്ത്യയിൽ വൈവിധ്യമാർന്ന ശൈലികളിലുള്ള കസേരകളുടെ വിശാലമായ ശ്രേണി അവതരിപ്പിക്കുന്നു. ശുദ്ധമായ അസംസ്കൃത ഫ്രെയിം മുതൽ പൂർത്തീകരണത്തിലും തുണിത്തരങ്ങളിലും വിവിധ സംയോജനത്തോടെ തയ്യാറാക്കിയ കസേര വരെ ലഭ്യമാണ്. തടി മുറിക്കുന്നത് മുതൽ പാകമാക്കൽ, ഉണക്കൽ, അപ്ഹോൾസ്റ്ററിംഗ് തുടങ്ങി പൂർത്തിയായ കസേരകളുടെ പാക്കേജിംഗ് വരെ, മൂല്യശൃംഖലയുടെ എല്ലാ ഘട്ടങ്ങളും അവരുടെ സ്വന്തം ഫാക്ടറിയിൽ നേരിട്ട് ചെയ്യുന്നു, ഇത് മികച്ച ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സഹായിക്കുന്നു.

എ കാസ കെ. കാലഘട്ടങ്ങളും ശൈലികളും സമന്വയിപ്പിച്ച്, മികച്ച മെറ്റീരിയലുകൾ സംയോജിപ്പിച്ച് ജീവിതശൈലി സൃഷ്ടിക്കുന്നു. പരമ്പരാഗത ഫ്ലോറന്റൈൻ സാങ്കേതികതകളും വിശദാംശങ്ങളോടുള്ള ഇഷ്ടവും നവീനമായ ഫിനിഷിംഗും ഓരോ സൃഷ്ടിയെയും അദ്വിതീയമാക്കുന്നു.

റെസിഡൻഷ്യൽ, കൊമേഴ്സ്യൽ ഇന്റീരിയർ പ്രൊജക്റ്റുകൾക്കായി സിസാരെ ഫെരാരി ഗ്രൂപ്പ് ബെസ്പോക്ക് ഫർണിച്ചറുകൾ, വാതിലുകൾ, അലങ്കാര ഘടകങ്ങൾ എന്നിവ വിതരണം ചെയ്യുന്നു.

ആധികാരിക ഇറ്റാലിയൻ ഫർണിച്ചർ നിർമാതാക്കളുടെ പാരമ്പര്യത്തിലൂന്നിയുള്ള അത്യാധുനിക സാങ്കേതികവിദ്യയുമായി സംയോജിപ്പിച്ച് ആർക്കിടെക്റ്റുകൾക്കും ഡിസൈനർമാർക്കും പ്രൊഫഷണൽ സേവനങ്ങൾ സി എഫ് ജി നൽകുന്നു. 3 ഡി, സമ്മിശ്രമായ വെനീറുകൾ, ഗ്ലാസ്, ലോഹങ്ങൾ, കൊത്തുപണി ചെയ്ത തുകലുകൾ, ഗ്രേഡിയന്റ് ലാക്വറിംഗ്, മെറ്റൽ മെഷുകൾ, പ്രകൃതിദത്ത കല്ലുകൾ എന്നിവയുൾപ്പെടെ വൈവിധ്യമാർന്ന മെറ്റീരിയലുകൾ സി എഫ് ജി ഉപയോഗിക്കുന്നു.

വ്യത്യസ്ത വസ്തുക്കളുടെ ഉപയോഗം ഉൾപ്പെടുന്ന സങ്കീർണമായ പ്രൊജക്റ്റുകളിൽ അനുയോജ്യമായ തരത്തിലുള്ള മാർബിളും കല്ലും ഉപയോഗിച്ച് ഗ്രാസി പിയറ്റർ പ്രവർത്തിക്കുന്നു.

പൂർണമായും ഇറ്റാലിയൻ ഉല്പാദനത്തോടുകൂടിയ ടെക്നോളജിക്കൽ, ഡിസൈൻ ലൈറ്റിംഗിൽ മികവ് പുലർത്തുന്ന ഒരു യുവ കമ്പനിയാണ് ലിം.

സ്റ്റാറ്റസ് ഒരു വ്യതിരിക്തമായ ഫർണിച്ചർ ശൈലി വാഗ്ദാനം ചെയ്യുന്നു, അത് അന്തർദേശീയമായി വിജയകരവുമാണ്.








*മുഖ്യാതിഥി ഡോ. അലസ്സാന്ദ്രോ ലിബററ്റോറിയും വിശിഷ്ടാതിഥി ശ്രീ. അതുൽ ഷായും എച്ച് ജി എച്ച് ഇന്ത്യയിലെ പല ബൂത്തുകളിലും വിപുലമായ വിവര പര്യടനം നടത്തിയപ്പോൾ*

# എച്ച് ജി എച്ച് ഇന്ത്യയിലെ വേൾഡ് ഓഫ് സ്ലീപ്പ്

നല്ല ഉറക്കം നമ്മുടെ രാത്രി മനോരഞ്ജനത്തിന് അത്യാവശ്യമാണ്. ഈ ഉൾക്കാഴ്ച ഒരു ജീവിതശൈലി പ്രവണതയായി ആരോഗ്യകരമായ ഉറക്കത്തിലേക്ക് പരിണമിക്കുന്നു. എന്നിരുന്നാലും ഈ പ്രവണതയ്ക്ക് കിടക്കകൾ, മെത്തകൾ, ഗാർഹിക തുണിത്തരങ്ങൾ എന്നിവയുടെ ചെറുകിട കച്ചവടക്കാർ, വിതരണക്കാർ, നിർമാതാക്കൾ എന്നിവരുടെ പിന്തുണ ആവശ്യമാണ്. കാരണം ആരോഗ്യകരമായ ഉറക്കം ലഭിക്കുന്നതിനായി ഉറക്ക ഉല്പന്നങ്ങൾ പാലിക്കേണ്ടവയിൽ നിരവധി പ്രവർത്തനപരമായ ആവശ്യകതകൾ ഉൾപ്പെടുന്നു. അത്തരം ഉല്പന്നങ്ങൾ ഫാഷനല്ല, അവയ്ക്ക് ഉപഭോക്തൃ തലത്തിൽ വിവരവും അറിവും ആവശ്യമാണ്.

ആരോഗ്യത്തിന്റെ കാര്യത്തിൽ ഭക്ഷണത്തെയും വ്യായാമത്തെയും അപേക്ഷിച്ച് ഉറക്കത്തിന്റെ തോത് കൂടുതലാണെന്ന് നിങ്ങൾക്കറിയാമോ? ഫിലിപ്സ് - കെ ജെ ടി ഗ്രൂപ്പിന്റെ വാർഷിക സർവേയിൽ വെളിപ്പെട്ടതാണിത്. എന്നിരുന്നാലും, മെത്തകളുടെയും മറ്റ് ഉറക്ക ഉല്പന്നങ്ങളുടെയും സാങ്കേതികവിദ്യ ശാരീരിക ആവശ്യങ്ങൾക്കും വ്യക്തിപരമായ മുൻഗണനകൾക്കും അനുസൃതമായി ഗുണമേന്മയുള്ളതും വ്യക്തിഗതമാക്കിയതുമായ രീതിയിൽ അതിവേഗം പുരോഗമിക്കുന്നുണ്ടെങ്കിലും, എവിടെ, എങ്ങനെ ഉറങ്ങണം എന്നതിനെക്കുറിച്ച് പലരും ശ്രദ്ധിക്കാറില്ല.

ഇന്ത്യൻ സ്ലീപ്പ് പ്രൊഡക്ട്സ് ഫെഡറേഷൻ (ഐ എസ് പി എഫ്) എച്ച് ജി എച്ച് ഇന്ത്യയുമായി ചേർന്ന് ഒരു വേൾഡ് ഓഫ് സ്ലീപ്പ് പവലിയൻ നടത്തുന്നു, അവിടെ ഏറ്റവും പുതിയ സാങ്കേതികവിദ്യകൾ അവതരിപ്പിക്കുകയും വ്യക്തിഗത ആവശ്യങ്ങളുടെ അടിസ്ഥാനകാര്യങ്ങൾ നന്നായി മനസ്സിലാക്കുന്നതിനായി ചെറുകിട വ്യാപാരികൾക്ക് വിവരങ്ങൾ കൈമാറുകയും ചെയ്യുന്നു. ഒരു ഉല്പന്നം വിൽക്കുന്നതിനു മുമ്പായി ഉറക്കം വിൽക്കുക എന്നതാണ് ഈ അവതരണത്തിന്റെ പ്രമാണസൂക്തം. ഉല്പന്നങ്ങളുടെ ഗുണഗണങ്ങൾ ചൂണ്ടിക്കാട്ടുന്നതിനു മുമ്പ് ഉപഭോക്താക്കളുടെ ഉറക്കപ്രശ്നങ്ങൾ മനസ്സിലാക്കിയിരിക്കേണ്ടത് അത്യാവശ്യമാണ്. പ്രദർശനത്തിനിടയിലുള്ള വേൾഡ് ഓഫ് സ്ലീപ്പ് പവലിയനിലെ പ്രഭാഷണങ്ങൾ ആ ചിന്ത വർദ്ധിപ്പിക്കുകയും, സാധാരണ പ്രശ്നങ്ങളെക്കുറിച്ചും മതിയായ പരിഹാരങ്ങളെക്കുറിച്ചും ഉപഭോക്താക്കളെ അറിയിച്ച് ആരോഗ്യകരമായ ഉറക്കം വിൽക്കാൻ ചെറുകിട വ്യാപാരികളെ സഹായിക്കുകയും ചെയ്യുന്നു.




സ്ലീപ്പ്‌വെൽ, കുർൾ-ഓൺ, സെഞ്ച്വറി ഫൈബർ, ഫേമസ് ഫോം, സ്പ്രിംഗ്ഫിറ്റ്, സ്ലീപ്ഫ്രഷ്, ആർ ഡി പി ഫോം, റിപ്പോസ് മാട്രസ് എന്നിവയും മറ്റും ഉൾപ്പെടെ മെത്ത കമ്പനികൾ അവരുടെ ഉല്പന്നങ്ങൾ വാഗ്ദാനം ചെയ്യുന്ന ഒരു വിഭാഗത്തിന്റെ മധ്യത്തിലാണ് വേൾഡ് ഓഫ് സ്ലീപ്പ് പവലിയൻ. നമ്മുടെ ജീവിതത്തിന്റെ മൂന്നിലൊന്ന് മെത്തകളിൽ ചെലവഴിക്കുന്നുവെന്നത് മനസ്സിൽ വച്ചുകൊണ്ട് ശരിയായ മെത്തയ്ക്കുള്ള അന്വേഷണത്തെ ഈ കമ്പനികൾ അവരുടെ ഉല്പന്നങ്ങളിലൂടെ സഫലീകരിക്കുന്നു.

Smart Kitchen
an initiative by HGH India

എച്ച് ജി എച്ച് ഇന്ത്യയിൽ അടുക്കളകൾക്ക് ആക്കം കൂടുന്നു. വണ്ടർഷെഫ് അല്ലെങ്കിൽ സഞ്ജീവ് കപൂർ പോലുള്ള മാർക്കറ്റ് ലീഡർമാർ ഡിസൈൻ, മെച്ചപ്പെട്ട പ്രവർത്തനക്ഷമത, പാചകത്തിലെയും അടുക്കള മാനേജ്മെന്റിലെയും കൂടുതൽ സൗകര്യങ്ങൾ എന്നിവയിൽ തങ്ങളുടെ പുതുമകൾ അവതരിപ്പിക്കുന്നു. ഇന്ത്യൻ അടുക്കളകൾ ആധുനിക സാങ്കേതികവിദ്യയും അനുയോജ്യതയും സ്വാംശീകരിച്ചവയാണ്. കൂടുതൽ കൂടുതൽ ഇന്ത്യൻ കുടുംബങ്ങളിൽ സ്മാർട്ട് അടുക്കളകൾ യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുകയാണ്. കുക്ക്‌വെയർ, കിച്ചൺവെയർ നിർമാതാക്കൾ ഈ പ്രവണത ഏറ്റെടുക്കുകയും മികച്ച പരിഹാരങ്ങൾ അവതരിപ്പിക്കുകയും ചെയ്യുന്നു.

ഭക്ഷ്യസംഭരണം, തയ്യാറാക്കൽ, നടപടിക്രമം, വിളമ്പൽ, പാത്രം കഴുകൽ എന്നിവയുടെ എല്ലാ ഘട്ടങ്ങളിലും ശുചിത്വവും ആരോഗ്യ സുരക്ഷയും കാലഘട്ടത്തിന്റെ ആവശ്യങ്ങളാണ്, അവ നവീനതകളിലേക്ക് നയിക്കുന്നു.

ഹാൾ 3-ൽ ആരോഗ്യ-സുരക്ഷിത കോട്ടിംഗ് ഉള്ള കുക്ക്‌വെയർ പോലുള്ള നിരവധി നവീന പ്രതിവിധികൾ വാങ്ങുന്നവർക്ക് കാണാനും അവലോകനം ചെയ്യാനും കഴിയും.




Kids' Home
an initiative by HGH India

ഇന്ത്യയിലെ കുട്ടികളുടെ ഹോം ഉല്പന്ന വിപണി വിപുലമായി വളരുകയും രക്ഷിതാക്കൾ മികച്ച ഗുണനിലവാരവും കൂടുതൽ ബ്രാൻഡുകളും തേടുകയും ചെയ്യുന്ന വേളയിൽ, ഈ വിപണി മേഖല വാതിലുകൾ തുറക്കുകയും പുതിയ അവസരങ്ങൾ നൽകുകയും ചെയ്യുന്നു. നൂതനവും നന്നായി രൂപകല്പന ചെയ്തതും നല്ല നിലവാരമുള്ളതുമായ ഉല്പന്നങ്ങളുടെ ആവശ്യം പ്രതിവർഷം ഏകദേശം 15 ശതമാനം വർധിക്കുന്നു. എച്ച് ജി എച്ച് ഇന്ത്യ ഡിസംബർ പതിപ്പിൽ ഒരു പ്രത്യേക വിഭാഗം സജ്ജീകരിക്കുന്നു. ബേബി ബ്ലാങ്കറ്റുകൾ, ബേബി ബെഡ്ഡിംഗ്, കുട്ടികളുടെ മെത്തകൾ, വാക്കറുകൾ, കട്ട്ലറി, ടേബിൾവെയർ, കിഡ്സ് സ്റ്റോറേജ്, വിദ്യാഭ്യാസ കളിപ്പാട്ടങ്ങൾ തുടങ്ങി നിരവധി ഉല്പന്നങ്ങൾ ഇതിൽ പ്രദർശിപ്പിക്കും.




നെയ്തെടുത്ത മൃദുവായ കളിപ്പാട്ടങ്ങൾ, ബേബി ആൻഡ് കിഡ്സ് ബെഡ്ഡിംഗുകൾ, ബേബി ടവലുകൾ, ആക്സസറികൾ, കംഫർട്ടറുകൾ, ഗിഫ്റ്റ് സെറ്റുകൾ തുടങ്ങിയവയുടെ വളരെ ക്രിയാത്മകമായ ശ്രേണിയാണ് പ്ലൂച്ചി അവതരിപ്പിക്കുന്നത്. ഡിസ്നി / മാർവൽ / സ്റ്റാർവാർസ് ലൈസൻസുള്ള ശിശുക്കളുടെയും കുട്ടികളുടെയും ഉല്പന്നങ്ങളുടെ ശ്രേണിയും അവർ പ്രദർശിപ്പിക്കും. കിഡ്സ് ബെഡ് ലിനൻ, ഷേപ്ഡ് കുഷ്യൻസ്, ഷവർ കർട്ടനുകൾ, തലയണകൾ, പുതപ്പുകൾ എന്നിവയും ഹാപ്പി ഹോം ലിനൻസ് പ്രദർശിപ്പിക്കും. സെഞ്ച്വറി മാട്രസ്സസ് കുട്ടികളുടെ പ്രത്യേക മെത്തകളുടെ ശേഖരം കൊണ്ടുവരും. ബോൺഹ്യൂറും ഡോക്ടർ ടവൽസും അവരുടെ കുട്ടികളുടെ ടവൽ ശ്രേണികൾ പ്രദർശിപ്പിക്കും. ഇന്ത്യയിലെ ഏറ്റവും മികച്ച ടവൽ നിർമാതാക്കളിൽ ഒരാളായ ശാരദ ടെറി, അവരുടെ മൈക്രോ കോട്ടൺ എന്ന ബ്രാൻഡിന് കീഴിൽ കുട്ടികൾക്കായി ബെഡ് ഷീറ്റുകളും ടവലുകളും പുറത്തിറക്കും. കൈകൊണ്ട് ഉണ്ടാക്കിയ തടി കളിപ്പാട്ട നിർമാതാക്കൾ, കുട്ടികളുടെ ഫർണിച്ചറുകൾ, കുട്ടികളുടെയും ശിശുക്കളുടെയും മറ്റ് ഉല്പന്നങ്ങൾ എന്നിവയുടെ ഒരു കൂട്ടം പങ്കാളിത്തം ഇ പി സി എച്ച് സംഘടിപ്പിച്ചിട്ടുണ്ട്. മറ്റ് പല പതിവു പ്രദർശകരും കുട്ടികളുടെ പ്രത്യേക ശ്രേണികൾ ഒരുക്കും.



**ഹുസൈൻ അയ്ദിൻ**
തുർക്കി കോൺസുലേറ്റ് ജനറൽ

എച്ച് ജി എച്ച് ഇന്ത്യയിലെ രണ്ടാമത്തെയോ മൂന്നാമത്തെയോ സന്ദർശനമാണിത്, എല്ലാ വർഷവും ഈ പ്രദർശനം പ്രതീക്ഷകൾക്കതീതമാണെന്ന് ഞങ്ങൾ കണ്ടെത്തി. ഇത് വളരെ സംഘടിതവും അന്തർദേശീയ തലത്തിലുള്ളതുമാണ്, ഇത് പ്രദർശകർക്ക് അവരുടെ ബ്രാൻഡുകൾ പ്രചരിപ്പിക്കുന്നതിനായി വിപുലമായ അവസരം നൽകുന്നു. എച്ച് ജി എച്ച് ഇന്ത്യയിൽ പങ്കെടുക്കാൻ കൂടുതൽ കൂടുതൽ ടർക്കിഷ് കമ്പനികളെ ഞാൻ പ്രതീക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു, ഞങ്ങൾ ഇത് വളരെയധികം ശുപാർശ ചെയ്യുന്നു.



**പ്രതിമ ലാഡിവാല,**
സഹസ്ഥാപക, ഡയറക്ടർ
പ്ലൂച്ചി

ഒരു ബ്രാൻഡ് എന്ന നിലയിൽ ഞങ്ങൾ പ്രദർശനം ആരംഭിച്ച ഞങ്ങളുടെ ആദ്യത്തെ പ്ലാറ്റ്ഫോമാണ് എച്ച് ജി എച്ച് ഇന്ത്യ. കഴിഞ്ഞ 5 വർഷമായി ഞങ്ങൾ എച്ച് ജി എച്ച് ഇന്ത്യയിൽ പ്രദർശനം സംഘടിപ്പിക്കുന്നു, ഓരോ പങ്കാളിത്തത്തോടെയും  ബൂത്ത് വലുതും മികച്ചതുമായി മാറി. ഇന്ത്യയിലുടനീളമുള്ള ചെറുകിട വ്യാപാരികളെ എല്ലായ്പ്പോഴും ഇവിടെ കൂടുതലായി കണ്ടുമുട്ടുന്നു. 50% ചെറുകിട വ്യാപാരികളും ഞങ്ങളുടെ ഉല്പന്നങ്ങൾ ആവർത്തിച്ച് വാങ്ങുന്നവരാണ്. അവരെ വീണ്ടും നേരിൽ കണ്ടതിൽ സന്തോഷം തോന്നുന്നു. ഉല്പന്നങ്ങളെക്കുറിച്ച് പ്രതികരണം അറിയാനും അത് മെച്ചപ്പെടുത്താനും ഇത് ഞങ്ങളെ സഹായിക്കുന്നു.



**എസ്.കെ. മൽഹോത്ര**
ഡയറക്ടർ സെയിൽസ് ആൻഡ് മാർക്കറ്റിംഗ്, സ്പ്രിംഗ്ഫിറ്റ്

കഴിഞ്ഞ രണ്ട് വർഷമായി ഞങ്ങൾ എച്ച് ജി എച്ച് ഇന്ത്യയിൽ പങ്കെടുക്കുന്നു, യഥാർത്ഥത്തിൽ അതിന് എച്ച് ജി എച്ചിന്റെ അത്രയും പഴക്കമുണ്ട്. ഞങ്ങളുടെ പുതിയ ഉല്പന്നങ്ങൾ സമാരംഭിക്കുകയും പരിചയപ്പെടുത്തുകയും ചെയ്യുന്ന, ഞങ്ങളുടെ ഉല്പന്നത്തിനുള്ള ശരിയായ പ്ലാറ്റ്ഫോമാണ് ഇത്. വാങ്ങാൻ ഉദ്ദേശിക്കുന്നവർക്ക് ഇവിടെ വന്ന് ഞങ്ങളുടെ ഉല്പന്നം അനുഭവിച്ചറിയാൻ കഴിയും. 50-60 ചതുരശ്ര അടി വിസ്തീർണമുള്ള ഒരു ചെറിയ ബൂത്തിൽ ആരംഭിച്ച ഞങ്ങളുടെ പ്രദർശനം ഇപ്പോൾ നടക്കുന്നത് 200 ചതുരശ്ര അടിയിലാണ്. ഗ്രേറ്റർ നോയ്ഡ പതിപ്പിലും ഞങ്ങൾ പങ്കെടുത്തു, അതു കഴിഞ്ഞ് 6 മാസമേ ആയിട്ടുള്ളൂ. തുല്യവും സമാനവുമായ പ്രതികരണം ഇവിടെയും കണ്ട് ഞങ്ങൾ ആശ്ചര്യപ്പെടുന്നു.



**അഭിനവ് മഹാജൻ**
എം ഡി, മസ്പർ

മസ്പർ ലിവിംഗ് ഷോയുടെ തുടക്കം മുതൽ എച്ച് ജി എച്ച് ഇന്ത്യയ്ക്കൊപ്പമുണ്ട്. ഞങ്ങൾ ഇവിടെ ഞങ്ങളെത്തന്നെ കാണുന്നു, വർഷത്തിൽ 4 ദിവസം ഉറപ്പാണ്. ലൊക്കേഷനാണ് പ്രധാനമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. കഴിഞ്ഞ 22 വർഷമായി ഞങ്ങൾ ബിസിനസ്സിലുണ്ട്. ചെറുകിട കച്ചവടക്കാർക്കായി ഞങ്ങൾ ഒരു ഷോപ്പ്-ഇൻ-ഷോപ്പ് ആശയം അവതരിപ്പിച്ചു എന്നതാണ് ഈ വർഷത്തെ പ്രത്യേകത. ഉല്പന്നം വാങ്ങുന്നതിനു മുമ്പുതന്നെ ഉപഭോക്താവിന് അത് അനുഭവിച്ചറിയാൻ ഇതിലൂടെ കഴിയും. കളർ ട്രെൻഡിംഗും ആശയരൂപീകരണവും ഡീകോഡ് ചെയ്യുന്നതിന് ഞങ്ങൾ 18 മാസം മുൻകൂറായി പ്രവർത്തിക്കുന്നു.



**അപൂർവ കുമാർ**
അസി. വി പി
ഇന്ത്യ പ്രൊഡക്ട്സ് സോഴ്സിംഗ്
വണ്ടർചെഫ്

കഴിഞ്ഞ 3 വർഷമായി ഞങ്ങൾ എച്ച് ജി എച്ച് ഇന്ത്യയിൽ പങ്കെടുക്കുന്നു, ഞങ്ങൾ എപ്പോഴും പുതിയതായി എന്തെങ്കിലും ഇവിടെ അനുഭവിച്ചിട്ടുണ്ട്. ലോകമെമ്പാടുമുള്ള നിരവധി ബ്രാൻഡുകൾ ഞങ്ങൾ ഇവിടെ കാണുന്നു, ഇത് ഇന്ത്യയിലെ ഏറ്റവും വലിയ വ്യാപാര ഷോകളിലൊന്നായി മാറിക്കഴിഞ്ഞു. ഒരു ബ്രാൻഡ് എന്നതും ഞങ്ങൾ എന്തിനു വേണ്ടി നിലകൊള്ളുന്നു എന്നതും സ്വയം അവതരിപ്പിക്കാൻ എച്ച് ജി എച്ച് ഇന്ത്യ എല്ലായ്പ്പോഴും ഞങ്ങളുടെ സ്ട്രാറ്റജി ബോർഡിൽ ഉണ്ട്. സമാന ചിന്താഗതിക്കാരായ ആളുകൾ ഈ പ്രദർശനത്തിൽ ഒത്തൊരുമിക്കുന്നു, അതുകൊണ്ടാണ് ആളുകൾ ഇവിടെ എത്തിച്ചേരുന്നത്, മറ്റുള്ളവരുമായി സംസാരിക്കാനും ഒരുമിച്ച് ബിസിനസ് വളർത്താനും ആളുകൾ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. ഞങ്ങളുടെ ബൂത്തിന്റെ വലിപ്പം ഏറ്റവും ചെറുതായിരുന്നതിൽ നിന്ന് ഇപ്പോൾ വലിയതിലേക്ക് മാറിയിരിക്കുന്നു.

എന്റെ കല ഇവിടെ പ്രദർശിപ്പിക്കാൻ എച്ച് ജി എച്ച് ഇന്ത്യ എനിക്ക് വേദി നൽകി. ഇതാദ്യമായാണ് ഞാൻ ഇവിടെ എത്തുന്നത്, എന്റെ കലയെ ജനപ്രിയമാക്കാനും ഭാവിയിൽ സാധ്യമെങ്കിൽ പരിശീലനം നൽകാനും എനിക്ക് ഇതുപോലുള്ള കൂടുതൽ വേദികൾ ആവശ്യമാണ്. എന്റെ കല കൂടുതൽ കാലം ജീവിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

**രാജേന്ദ്ര അങ്കം,**
ഇന്ത്യ ഹെറിറ്റേജ് പവലിയനിലെ കലാകാരൻ

# ഒന്നാം ദിവസത്തെ മുദ്രകൾ
















For Registration: www.hghindia.com Mumbai: Tel. +91 (22) 2421 4111, Delhi: Tel. +91 (11) 2571 4111 Email: visitors@hghindia.com